**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6114** **09-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് കടൽ ക്ഷോഭം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭം തടയുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് എൻ.സി.സി.ആർ ചെന്നൈ എന്ന സ്ഥാപനം പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടേയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയുണ്ടായി. പ്രസ്തുത ഡിസൈൻ പ്രകാരം തയാറാക്കിയ 254.20കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ. 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിന് ജി.ഒ.(ആർ.റ്റി) നം.395/2021/ജ.വി.വ തീയതി. 29/07/2021 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. സംസ്ഥാനത്തെ തിരഞ്ഞെടുത്ത മറ്റ് 9 ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ (ചെല്ലാനം ഒഴികെ) എൻ.സി.സി.ആർ-മായി പഠനം നടത്തുന്നതിന് ധാരണയായിട്ടുണ്ട്. അത് പ്രകാരം ഡിസൈൻ കഴിയുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതി നൽകുവാനും ഫണ്ട് അനുവദിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന ഉദുമ പഞ്ചായത്തിലെ കൊവ്വൽ, കൊപ്പൽ, കാപ്പിൽ പ്രദേശവും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്ക പ്രദേശവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന | (ബി) | കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലെ കൊവ്വൽ, കൊപ്പൽ, കാപ്പിൽ പ്രദേശത്തും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്ക പ്രദേശത്തും തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിനായി Central Water and Power Research Station, പൂനെ മുഖേന ഹൈഡ്രോളിക് |

| | | | |
|---|---|---|---|
| | കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | മോഡൽ സ്റ്റഡീസ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പഠന ശേഷം സൈറ്റ് സ്പെസിഫിക് ഡിസൈൻ ലഭ്യമാക്കി, ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ